"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക വകുപ്പ് - കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്- 2024 - 2025 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.281/2024/CLAD    തീയതി,തിരുവനന്തപുരം, 03-06-2024

പരാമർശം:-
1. 24.04.2024-ലെ കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് സെക്രട്ടറിയുടെ No.22/A2/03/2024/KSBM നമ്പർ കത്ത്.
2. 27.05.2024-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ  നടപടി ക്കുറിപ്പ്

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് 2024-2025- സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതമായി "2202-05-102-92-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ 60,00,000/- (അറുപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഹിതം ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ബുക്ക് മാർക്ക് സെക്രട്ടറി പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. 27.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത ശിപാർശ വിശദമായി പരിശോധിച്ച് അംഗീകാരം നൽകുകയുണ്ടായി. മേൽ സാഹചര്യത്തിൽ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2202-05-102-92-36(പ്ലാൻ)" എന്ന ശിർഷകത്തിൽ  പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള 60,00,000/- രൂപ (അറുപത് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച്  ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നിർവഹണം നടത്തുന്നതിന് ഭരണാനുമതി  നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പദ്ധതി ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | ബുക്ക്മാർക്ക് ബുക്ക് കഫെ ആരംഭിക്കുന്ന പദ്ധതി | 20 |
| 2. | ബുക്ക്മാർക്കിന് സ്വന്തമായി പബ്ലിക്കേഷൻ | 20 |
| 3. | പുസ്തക പ്രദർശനവും വില്പന മേളകളും | 20 |
| | ആകെ | 60 |

ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് താഴെപ്പറയുന്ന നിബന്ധനകൾക്ക് കൂടി വിധേയമായിരിക്കും.

1. പദ്ധതി നടത്തിപ്പിലേയ്ക്ക് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ് .

2. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട purchase കൾക്ക് Stores Purchase Manual-ലെ നിബന്ധനകൾ പാലിക്കേണ്ടതും, IT അനുബന്ധ സാധനങ്ങൾ വാങ്ങുമ്പോൾ അതുമായി

ബന്ധപ്പെട്ട  വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

3. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് സെക്രട്ടറി മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ  ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം
ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി. ഒ, തിരുവനന്തപുരം
ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ - സി ) വകുപ്പ്
സാംസ്കാരികകാര്യ (ബി ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (C1/95/2024-CLAD) വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Mini T R
Date: 04-06-2024 10:11:03
സെക്ഷൻ ഓഫീസർ

പകർപ്പ്.- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്. -ന്
സാംസ്കാരികകാര്യ വകുപ്പ്  സെക്രട്ടറിയുടെ പി.എ.യ്ക്ക്